## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.747 29.09.2016 ൽ മറുപടിക്ക്

### കൊട്ടാരക്കര മിനിസിവിൽസ്റ്റേഷൻ നിർമ്മാണം പുനരാരംഭിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി.പി.അയിഷാപോറ്റി** | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) കൊട്ടാരക്കര മിനി സിവിൽസ്റ്റേഷൻ നിർമ്മാണം തടസ്സപ്പെട്ടിട്ട് എത്ര നാളായി; | (എ) 14.08.2014 മുതൽ കൊട്ടാരക്കര മിനി സിവിൽസ്റ്റേഷൻ നിർമ്മാണം മുടങ്ങിക്കിടക്കുകയാണ്. |
| (ബി) മിനിസിവിൽ സ്റ്റേഷൻ നിർമ്മാണം പുനരാരംഭിക്കുന്നത് സംബന്ധിച്ച് ബഹു. പൊതുമരാമത്ത് മന്ത്രിയുടെ സാന്നിധ്യത്തിൽ ചേർന്ന യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ എന്തെല്ലാമായിരുന്നു; | (ബി) കോൺട്രാക്ട് റദ്ദ് ചെയ്യുക, 6 മാസത്തോളം ജോലികൾ താമസം വരുത്തിയതിനുള്ള പിഴ ഈടാക്കാനുള്ള നടപടി സ്വീകരിക്കുക എന്നിവയാണ് പ്രസ്തുത യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ. |
| (സി) പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ; | (സി) & (ഡി) യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കോൺട്രാക്ടർക്ക് ടെർമിനേഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. കോൺട്രാക്ടർ WP (c) 25957/16 പ്രകാരം റിട്ട് ഹർജി ഫയൽ ചെയ്തിട്ടുണ്ട്. സ്റ്റേ ഓർഡർ റദ്ദു ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയത് റദ്ദ് ചെയ്ത് കിട്ടുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) മിനി സിവിൽസ്റ്റേഷൻ നിർമ്മാണം അടിയന്തിരമായി പുനരാരംഭിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും? | |

സെക്ഷൻ ഓഫീസർ